ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

## പ്രധാനവാർത്തകൾ

DATE: 20.02.2026

1. ഇന്ത്യ - എ ഐ ഇംപാക്ട് ഉച്ചകോടി ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. സെമികണ്ടക്ടർ, ഇലക്ട്രോണിക്സ് വ്യവസായങ്ങളിൽ ആഗോള നേതൃനിരയിൽ എത്തുകയാണ് ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.
2. സംസ്ഥാനത്ത് എസ് ഐ ആറിന്റെ ഭാഗമായി രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം തിരുവനന്തപുരത്ത് ചേർന്നു. അന്തിമ വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.
3. ശബരിമല സ്വർണ അപഹരണ കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എ. പത്മകുമാറിന് ജാമ്യം അനുവദിച്ച് കൊല്ലം വിജിലൻസ് കോടതി.
4. ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിലെ ശസ്ത്രക്രിയയിൽ വീഴ്ചയുണ്ടായെന്ന പരാതിയിൽ, വിദഗ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കുമെന്ന് ആരോഗ്യമന്ത്രി.
5. "സാമൂഹിക നീതിക്കും വികസനത്തിനും പുനഃരുജ്ജീവിപ്പിച്ച പ്രതിബദ്ധത" എന്ന സന്ദേശവുമായി ഇന്ന് ലോക സാമൂഹിക നീതി ദിനം.
6. **CISF** ന്റെ വന്ദേമാതരം തീരദേശ സൈക്ലത്തോൺ കേരളത്തിലെത്തി. സൈക്ലത്തോണിന്റെ സമാപനം ഞായറാഴ്ച കൊച്ചിയിൽ.

RNU TVPM

## ഇന്ത്യ - എ ഐ ഇംപാക്ട് ഉച്ചകോടി

ഇന്ത്യ - എ ഐ ഇംപാക്ട് ഉച്ചകോടി ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പുരോഗമിക്കുന്നു. ഉച്ചകോടിയുടെ അഞ്ചാം ദിവസമായ ഇന്ന് ആഗോള എ ഐ രംഗവുമായി ബന്ധപ്പെട്ട് നേതാക്കളുടെ പ്രഖ്യാപനമുണ്ടാകും. ഉച്ചകോടിയുടെ ഭാഗമായി, ഇന്ത്യ-യുഎസ് 'പാക്സ് സിലിക്ക' പ്രഖ്യാപനം ഒപ്പുവച്ചു. സെമികണ്ടക്ടർ, ഇലക്ട്രോണിക്സ് വ്യവസായങ്ങളിൽ ആഗോള നേതൃനിരയിൽ എത്തുകയാണ് ഇന്ത്യയുടെ ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഉച്ചകോടിയോടനുബന്ധിച്ചുള്ള എ ഐ ഇംപാക്ട് എക്സ്പോ നാളെ സമാപിക്കും.

********************************

## കേരള - എസ് ഐ ആർ

RNUTVPM

സംസ്ഥാനത്ത് എസ് ഐ ആറുമായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. അന്തിമ വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. അന്തിമ വോട്ടർ പട്ടികയിൽ രണ്ട് കോടി 69 ലക്ഷത്തി 53,644 വോട്ടർമാരാണ് ഉൾപ്പെട്ടിട്ടുള്ളത്. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് തെരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന ദിവസം വരെ പേര് ചേർക്കാനുള്ള അപേക്ഷ നൽകാനാവും. നാളെ മുതൽ ഇതിനുള്ള അപേക്ഷകൾ നൽകാവുന്നതാണ്.

********************************

## ചൂരൽമല ടൗൺഷിപ്പ് - മുഖ്യമന്ത്രി

മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസത്തിനായി സർക്കാർ ഒരുക്കുന്ന വയനാട് മാതൃകാ ടൗൺഷിപ്പിന്റെ ഒന്നാംഘട്ടം പൂർത്തിയായി. ഈ മാസം 25 ന് എൽസ്റ്റൺ എസ്റ്റേറ്റിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. ഗുണഭോക്താക്കൾക്കുള്ള പട്ടയങ്ങളും വിതരണം ചെയ്യും. ടൗൺഷിപ്പിന്റെ ഒന്നാംഘട്ടത്തിൽ 178 വീടുകളാണ് പൂർത്തിയായത്.

********************************

## വയനാട് മൃഗ കേന്ദ്ര സംരക്ഷണം (ഇൻട്രോ)

വളർത്തു മൃഗങ്ങൾക്കായുള്ള രാജ്യത്തെ ആദ്യ താത്കാലിക ദുരിതാശ്വാസ കേന്ദ്രം വയനാട്ടിൽ സജ്ജമാകുന്നു. 200-ഓളം വളർത്ത് മൃഗങ്ങളെ സംരക്ഷിക്കാനുള്ള സൗകര്യമാണ് ഇവിടെ ഒരുങ്ങുന്നത്.

ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ് തയ്യാറാക്കിയ റിപ്പോർട്ട്....

(വോയിസ്)

RNU TVPM

********************************

## ശബരിമല

ശബരിമല സ്വർണ അപഹരണ കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എ. പത്മകുമാറിന് ജാമ്യം. കൊല്ലം വിജിലൻസ് കോടതിയാണ് ഉപാധികളോടെ ജാമ്യം അനുവദിച്ചത്. ജാമ്യം ലഭിച്ചെങ്കിലും ദ്വാരപാലകശില്പകേസിൽ റിമാൻഡിൽ തുടരുന്നതിനാൽ പത്മകുമാറിന് ജയിൽ മോചിതനാകാൻ സാധിക്കില്ല.

*******************************

## വണ്ടാനം ആശുപത്രി (ഇൻട്രോ)

ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിൽ ശസ്ത്രക്രിയയ്ക്ക് വിധേയയായ വീട്ടമ്മയുടെ വയറ്റിൽ കത്രിക കുടുങ്ങിയതായി പരാതി. അഞ്ചു വർഷം മുൻപ് ഗർഭപാത്രം നീക്കം ചെയ്ത പുന്നപ്ര സ്വദേശി ഉഷ ജോസഫിന്റെ വയറ്റിലാണ് എക്സ്റേ എടുത്തപ്പോൾ കത്രിക കണ്ടെത്തിയത്. സംഭവത്തിൽ വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു.

(വോയിസ്....)

*******************************

## വണ്ടാനം പ്രതികരണം

വയറ്റിൽ കത്രിക കുടുങ്ങിയ സംഭവത്തിൽ ശസ്ത്രക്രിയ നടത്തിയ ഡോക്ടർമാരെ തിരിച്ചറിഞ്ഞതായി ആശുപത്രി അധികൃതർ അറിയിച്ചു. അന്നത്തെ ഗൈനക്കോളജി വിഭാഗം മേധാവി ഡോ. ലളിതാംബികയുടെ യൂണിറ്റിലെ ഡോ.ഷാഹിദയാണ് സർജറി നടത്തിയത്. അതേസമയം, സംഭവത്തിൽ ആശുപത്രി അധികൃതരുടെ വാർത്താസമ്മേളനത്തിനിടെ യൂത്ത് കോൺഗ്രസ് നേതാക്കൾ പ്രതിഷേധവുമായി എത്തി. പ്രതിഷേധക്കാരെ പോലീസ് അറസ്റ്റ് ചെയ്ത് നീക്കി.

*******************************

## കെജിഎംഒഎ

തിരുവനന്തപുരം നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ആരോഗ്യപ്രവർത്തകർക്കെതിരെ അക്രമം നടന്നതായി

RNUTVPM

ആരോപിച്ച് പ്രതിഷേധവുമായി കെജിഎംഒഎ. നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെ OP സേവനങ്ങൾ ബഹിഷ്കരിക്കുമെന്നും അടിയന്തര സേവനങ്ങൾ മാത്രം തുടരുമെന്നും സംഘടന വ്യക്തമാക്കി. സമരം വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് നാളെ ജനറൽ ബോഡി യോഗം ചേർന്ന് തീരുമാനിക്കുമെന്നും കെജിഎംഒഎ അറിയിച്ചു.

*******************************

## വന്ദേമാതരം സൈക്ലത്തോൺ

തീരദേശ സുരക്ഷാ അവബോധം, ദേശീയ ഐക്യം, സമൂഹ പങ്കാളിത്തം എന്നിവ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി സിഐഎസ്എഫ് സംഘടിപ്പിക്കുന്ന വന്ദേമാതരം തീരദേശ സൈക്ലത്തോൺ കേരളത്തിലെത്തി. കണ്ണൂർ മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചിലെ സ്വീകരണത്തിന് ശേഷം പശ്ചിമ തീരസംഘം കോഴിക്കോടേക്ക് തിരിച്ചു. 25 ദിവസം 6,553 കിലോമീറ്റർ സഞ്ചരിക്കുന്ന സൈക്ലത്തോൺ ഞായറാഴ്ച കൊച്ചിയിൽ സമാപിക്കും. കേന്ദ്ര ആഭ്യന്തര സഹമന്ത്രി ബന്ദി സഞ്ജയ് കുമാർ പരിപാടിയിൽ മുഖ്യാതിഥിയാകും.

PNU TVPM

*******************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് മറ്റന്നാൾ. പരിപാടിയുടെ 131-ാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഇന്ന് കൂടി അറിയിക്കാം.

*******************************

## മുഖ്യമന്ത്രി - പരിസ്ഥിതി സമ്മേളനം

ദേശീയ പരിസ്ഥിതി സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ തിങ്കളാഴ്ച തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. കഴിഞ്ഞ ഒരു ദശാബ്ദകാലം ഹരിതകേരള മിഷൻ സംസ്ഥാനത്ത് നടത്തിയ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളെ മുൻനിർത്തിയാണ് ത്രിദിന പരിസ്ഥിതി സമ്മേളനം സംഘടിപ്പിക്കുന്നത്. 18 സെഷനുകളിലായി 73 പ്രബന്ധങ്ങൾ സമ്മേളനത്തിൽ അവതരിപ്പിക്കും.

*******************************

## ലോക സാമൂഹിക നീതി ദിനം

RNUTVPM

ഇന്ന് ലോക സാമൂഹിക നീതി ദിനം. ദാരിദ്ര്യം, ലിംഗ അസമത്വം, തൊഴിലില്ലായ്മ തുടങ്ങിയ ആഗോള പ്രശ്നങ്ങൾ പരിഹരിക്കുന്നത് ലക്ഷ്യമിട്ടാണ് 2007 മുതൽ ദിനാചരണം സംഘടിപ്പിക്കുന്നത്. "സാമൂഹിക നീതിക്കും വികസനത്തിനും പുനഃരുജ്ജീവിപ്പിച്ച പ്രതിബദ്ധത" എന്നതാണ് ഇത്തവണത്തെ പ്രമേയം. നാഷണൽ ലോ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് സാമൂഹിക നീതി-ശാക്തീകരണ മന്ത്രാലയം ഇന്ന് പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

*******************************

## പാലക്കാട് - നെല്ല് (ഇൻട്രോ)

പാലക്കാട് ജില്ലയിൽ സപ്ലൈകോ മില്ലുകൾ മുഖേന ഇന്ന് മുതൽ നെല്ലെടുപ്പ് ആരംഭിക്കും. സംഭരണ രസീത് ഹാജരാക്കുന്ന മുറയ്ക്ക് സഹകരണ സംഘങ്ങൾ വഴി നെല്ല് വില കർഷകർക്ക് നൽകാനാണ് തീരുമാനം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...

(വോയിസ്)

*******************************

## അൾട്രാവയലറ്റ് സൂചിക

കേരളത്തിൽ പകൽ താപനില വർധിക്കുന്നതിനൊപ്പം അൾട്രാവയലറ്റ് സൂചിക ഉയരുന്നതിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി. പകൽ 10 മുതൽ 3 വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണം. കടലിലും ഉൾനാടൻ മൽസ്യബന്ധനത്തിലും ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾ, രോഗപ്രതിരോധശേഷി കുറഞ്ഞ ആളുകൾ തുടങ്ങിയവർ പ്രത്യേകം ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു.

RNUTVPM

*******************************

## കോഴിക്കോട് വലിയ പാലം

കോഴിക്കോട് കനോലി കനാലിന് കുറുകെ നിർമിച്ച വലിയ പാലത്തിന്റെ ഉദ്ഘാടനം മന്ത്രി പി എ മുഹമ്മദ് റിയാസ് നിർവഹിച്ചു. അഹമ്മദ് ദേവർകോവിൽ എം.എൽ.എ അധ്യക്ഷനായി. 16.53 കോടി രൂപ ചെലവിൽ 195 മീറ്റർ നീളത്തിലും 11 മീറ്റർ വീതിയിലും ആർച്ച് മാതൃകയിൽ നിർമിച്ചതാണ് പാലം.

*******************************

## സ്പോക്കൺ ഹിന്ദി ക്ലാസ്

ഹിന്ദി സംസാരിക്കാൻ താല്പര്യമുള്ളവർക്കായി രാഷ്ട്രഭാഷാവേദി കോഴിക്കോട് ഹിന്ദി ക്ലാസ്സുകൾ ആരംഭിക്കുന്നു. എല്ലാ വെള്ളിയാഴ്ചയും വൈകീട്ട് 5 മണി മുതൽ 6.30 വരെയാണ് ക്ലാസ്സുകൾ. ഗാന്ധിഗൃഹത്തിൽ സംഘടിപ്പിക്കുന്ന ക്ലാസ്സിന്റെ ഉദ്ഘാടനം ദക്ഷിണഭാരത ഹിന്ദി പ്രചാരസഭ ഭരണസമിതി മെമ്പർ ഗോപി ചെറുവണ്ണൂർ ഇന്ന് നിർവഹിക്കും.

*******************************

## കണ്ണൂർ - ബോംബ് സ്ഫോടനം

കണ്ണൂർ പാനൂരിനടുത്ത് ബോംബ് സ്ഫോടനത്തിൽ ഒരാൾക്ക് പരിക്ക്. മേപ്പാട് സ്വദേശി സലാമിന്റെ ഉടമസ്ഥതയിലുള്ള വീടിന്റെ പരിസരം ജെസിബി ഉപയോഗിച്ച് വൃത്തിയാക്കുന്നതിനിടെയാണ് സ്ഫോടനമുണ്ടായത്. മണ്ണ് ശേഖരിക്കാനെത്തിയ ടിപ്പർ ലോറി ഡ്രൈവറായ ഷമിത്ത് ലാലിനാണ് പരിക്ക്.

*

*******************

*****************************************************

RNU TVPM